പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 938 14-10-2026-ൽ മറുപടിയ്ക്ക്

ഞെക്കാട് വാട്ടർ ട്രീറ്റ്മെന്റ് ഓവർ ഹെഡ് പ്ലാന്റ് പ്രോജക്ട്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീമതി ഒ. എസ്. അംബിക	ശ്രീ. മോൻസ് ജോസഫ് (ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) വാട്ടർ പ്രോജക്ടിന്റെ ഭാഗമായി ഞെക്കാട് സ്ഥാപിക്കുന്ന വാട്ടർ ട്രീറ്റ്മെന്റ് ഓവർ ഹെഡ് പ്ലാന്റിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പൂർത്തീകരിച്ച പ്രവൃർത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

മറുപടി: വർക്കല മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകൾക്കുമായുള്ള കുടിവെള്ള പദ്ധതിയുടെ ഭാഗമായി ഞെക്കാട്ടെ 23 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാലയുടെ 80% പ്രവൃത്തികൾ പൂർത്തിയായി. ഈ പദ്ധതിയുടെ ഭാഗമായി ചെറുന്നിയൂർ (8 ലക്ഷം ലിറ്റർ), പുത്തൻചന്ത (5 ലക്ഷം ലിറ്റർ), വടശ്ശേരിക്കോണം (8 ലക്ഷം ലിറ്റർ) എന്നിവിടങ്ങളിലെ ഉപരിതല ജലസംഭരണികളുടെ നിർമ്മാണവും പൂർത്തിയായിട്ടുണ്ട്.

(ബി) ഇനി ഏതെല്ലാം പ്രവൃർത്തികളാണ് അവശേഷിക്കുന്നത്;

മറുപടി: പമ്പ്സെറ്റുകൾ, ട്രാൻസ്ഫോർമർ, ഇലക്ട്രോ മെക്കാനിക്കൽ ഘടകങ്ങൾ, ലാബ് ഉപകരണങ്ങൾ എന്നിവ സ്ഥാപിക്കൽ, ചുറ്റുമതിൽ, വാൽവ് ചേമ്പറുകൾ, പെയിന്റിങ്, വൈദ്യുത കണക്ഷൻ, ക്ലോറിഫ്ലോക്കുലേറ്ററിന്റെ അവസാനഘട്ട പ്രവൃത്തികൾ എന്നിവ പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. ചെമ്മരുതിയിലെ 8 ലക്ഷം ലിറ്റർ ശേഷിയുള്ള ജലസംഭരണിയുടെ 90% നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

(സി) പദ്ധതിയുടെ ഭാഗമായി വാമനപുരം നദിയിൽ കുടിവെള്ള കിണർ നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കേണ്ടതുണ്ടോ; ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

മറുപടി: ഈ പദ്ധതിയുടെ ഭാഗമായി വാമനപുരം നദിക്കു സമീപം കിണറും പമ്പ്ഹൗസും നിർമ്മിക്കുന്നതിന് സ്ഥലം അനുവദിച്ചിരുന്നു. എന്നാൽ അതിലേക്കു പ്രവേശിക്കുന്നതിനുള്ള വഴിയ്ക്ക് ആവശ്യമായ സ്ഥലം ലഭ്യമായിട്ടില്ല. അതിനായി ബ്ലോക്ക് പഞ്ചായത്ത് മുഖേന സ്ഥലം വാങ്ങുന്നതിനായി വാല്യുവേഷൻ നടത്തി റിപ്പോർട്ട് ജില്ലാ കളക്ടർക്ക് നൽകിയിരിക്കുകയാണ്.

സെക്ഷൻ ഓഫീസർ